മഹാത്മാഗാന്ധി സർവകലാശാല
പ്രിയദർശിനി ഹിൽസ് പി. ഒ. കോട്ടയം, കേരളം – 686 560
(കേരള സംസ്ഥാന നിയമസഭയുടെ 1985 ഏപ്രിൽ 17ലെ 3431/ലെജി. സി1/85/നിയമം നമ്പർ വിജ്ഞാപനപ്രകാരം സ്ഥാപിതമായത്)

49838/AC A1/1/REG SECT/REG SECT 03.01.2020

## പരിപത്രം

വിഷയം : ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം - വിമുക്തി - മാർഗ്ഗനിർദേശങ്ങൾ.

സൂചന : ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും സർവ്വകലാശാലയ്ക്ക് ലഭിച്ച 21.11.2019-ലെ കത്ത് നം.കെ3/373/2019/ഉ.വി.വ .

ലഹരിവർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി' യുടെ ആഭിമുഖ്യത്തിൽ ശക്തമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരികയാണ്. കേരള പിറവി ദിനമായ 2019 നവംബർ 1 മുതൽ 2020 ജനവരി 30 വരെ നീണ്ടു നിൽക്കുന്ന വിപുലമായ പരിപാടികളാണ് ഈ കർമപദ്ധതിയിലുള്ളത്. ഇതിന്റെ ഭാഗമായി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളും സമയക്രമംപാലിച്ച് മേൽ സൂചനയിൽ പ്രതിപാദിക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

ഡോ .കെ. സാബുക്കുട്ടൻ
രജിസ്ട്രാർ (i/c)

പകർപ്പ് :
1.സർവ്വകലാശാലയിലെ എല്ലാ അഫിലിയേറ്റഡ് കോളേജുകൾ
2 .പി.ആർ.ഓ
3.വി.സി/പി.വി.സി എന്നിവരുടെ പി.എസ്
4.രജിസ്ട്രാറുടെ പി.എ
5.കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ /എസി എ7/എസി ബി7
6. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം
Draft #2 of File 49838/AC A1/1/2019/REG SECT Approved by REGISTRAR (i/c) on 03-Jan-2020 02:24 PM - Page 1

File No.HEDN-K3/373/2019-HEDN

'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പ്

നമ്പർ.കെ3/373/2019/ഉ.വി.വ

21/11/2019,തിരുവനന്തപുരം

**പ്രിൻസിപ്പൽ സെക്രട്ടറി**

രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല, മലപ്പുറം/ കണ്ണൂർ സർവ്വകലാശാല, കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യുവാൽസ് ക്യാമ്പസ്, എച്ച്.എം. റ്റി. കോളനി.പി.ഒ., കളമശ്ശേരി, എറണാകുളം/ എ.പി.ജെ അബ്ദുൾ കലാം ടെക്നോളജി യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം.

- പ്രിൻസിപ്പാൾ, ഗവ. ലോ കോളേജ് തിരുവനന്തപുരം/എറണാകുളം/തൃശ്ശൂർ/കോഴിക്കോട്.

സർ,

വിഷയം:- ഉന്നതവിദ്യാഭ്യാസ വകുപ്പ് - ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം - വിമുക്തി - മാർഗ്ഗനിർദ്ദേശങ്ങൾ

- സംബന്ധിച്ച്.

സൂചന:- ബഹു. തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പുമന്ത്രിയുടെ 02-11-2019-ലെ കറിപ്പ്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ലഹരിവർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി' യുടെ ആഭിമുഖ്യത്തിൽ ശക്തമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി നവകേരളത്തിനായുള്ള മുന്നേറ്റങ്ങൾക്ക് കരുത്ത് പകരുന്നതിനും രാഷ്ട്രപിതാവിന്റെ 150-ാം ജന്മവാർഷികാഘോഷങ്ങളുടെ ഭാഗമായും "നാളത്തെ കേരളം ലഹരിമുക്ത നവകേരളം" എന്ന തീവ്ര ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടിയ്ക്ക് വിമുക്തി മിഷൻ നേതൃത്വം നൽകുകയാണ്. കേരള പിറവി ദിനമായ നവംബർ 1 മുതൽ 2020 ജനുവരി 30

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

വരെ നീണ്ടു നിൽക്കുന്ന വിപുലമായ പരിപാടികളാണ് ഈ കർമ്മപദ്ധതിയിലുള്ളത്. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 23.10.2019-ന് കൂടിയ വിമുക്തി ഗവേണിംഗ് ബോഡി തീവ്രയത്ന ബോധവൽക്കരണ പരിപാടി സമയ ബന്ധിതമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീവ്രയത്ന ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ കോളേജുകളും കേന്ദ്രീകരിച്ച് സമയക്രമംപാലിച്ച് താഴെ പ്രതിപാദിക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

| നടത്തേണ്ട പരിപാടി | തീയതി |
|---|---|
| എല്ലാ കോളേജുകളിലും ലഹരിവിരുദ്ധ ക്ലബ്ബ് കളുടെ രൂപീകരണം | ഡിസംബർ 30-നകം |
| വിവിധ യൂണിവേഴ്സിറ്റികളുടെ കീഴിലുള്ള കലാലയങ്ങളുടെ ആഭിമുഖ്യത്തിൽ മൈം, സ്കിറ്റ്, ഫ്ലാഷ് മോബ് ഹാസ്യാവതരണങ്ങൾ, അനുകരണങ്ങൾ തുടങ്ങിയ പരിപാടികൾ | ഡിസംബർ - ജനുവരി മാസങ്ങളിൽ |

സംസ്ഥാനത്തെ സമസ്ത വിഭാഗം ജനങ്ങളിലും ലഹരി വിരുദ്ധ മനോഭാവം വളർത്തിയെടുക്കുന്നത് ലക്ഷ്യമിട്ടുള്ള ഈ തീവ്രയത്ന ബോധവൽക്കരണ പരിപാടിയുടെ വിജയത്തിനായി താങ്കളുടേയും താങ്കൾ പ്രതിനിധാനം ചെയ്യുന്ന സ്ഥാപനത്തിന്റേയും പരിപൂർണ്ണ പിന്തുണയും സഹകരണവും ഉണ്ടാകേണ്ടതാണ്.

വിശ്വസ്തതയോടെ,

RAJESHKUMAR.K.K.

UNDER SECRETARY

പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

പകർപ്പ് :

1. സാങ്കേതിക കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം (മേൽ സൂചിപ്പിച്ച പ്രകാരം ലഹരി വിമുക്ത പരിപാടികൾ കൃത്യമായി നടപ്പിലാക്കുന്നതിന് എല്ലാ കോളേജ് പ്രിൻസിപ്പൽമാർക്കും അടിയന്തിര നിർദ്ദേശം നൽകുന്നതിലേയ്ക്കായി)

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.